(ബഹളംമൂലം നിറുത്തിവച്ചിരുന്ന സഭ രാവിലെ 11.18-ന് പുനരാരംഭിച്ചു)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... അസാധാരണമായ ഒരു സാഹചര്യം വന്നതുകൊണ്ടാണ് സഭാ നടപടികൾ താൽക്കാലികമായി നിർത്തി വയ്ക്കേണ്ടി വന്നത്. റൂൾ 50 പ്രകാരം നോട്ടീസ് നൽകിയ പ്രമേയാവതാരകനായ ഡോ. എം. കെ. മുനീറിന്റെ ഒരു പദപ്രയോഗം സഭയിൽ പ്രതിഷേധത്തിനും ബഹളത്തിനും വഴി വയ്ക്കുകയാണുണ്ടായത്. അദ്ദേഹം എഴുതി നൽകിയ പ്രമേയം ചെയർ ക്വാട്ട് ചെയ്ത സമയത്ത് ആ വാക്ക് ഉണ്ടായിരുന്നില്ല. സഭയിൽ ഇത്രയും ശക്തമായ പ്രതിഷേധം വന്ന സാഹചര്യത്തിലും സഭയിലെ വനിതാ അംഗങ്ങൾ ഒരു പരാതി ചെയറിന് ഇപ്പോൾ നൽകിയ സാഹചര്യത്തിലും കേരളത്തിൽ സംഘടിപ്പിക്കാൻ പോകുന്ന വനിതാ മതിൽ ***********[*] പരാമർശം പിൻവലിക്കണമെന്ന ആവശ്യത്തെ സംബന്ധിച്ചും ചെയർ പരിശോധിക്കുകയുണ്ടായി. ഇക്കാര്യത്തിൽ സഭാ നടപടികളുടെ രേഖകൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് ചെയർ സഭയെ ആദ്യമേ അറിയിക്കുകയാണ്.

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ 13.12.2018 -ലെ 7160 ഇബി/2018/നി.സെ. ഉത്തരവിൻ പ്രകാരം സഭാ രേഖയിൽനിന്നും നീക്കം ചെയ്തു.

ബഹുമാന്യനായ ഡോ. എം. കെ. മുനീർ അദ്ദേഹത്തിന്റെ പരാമർശം പിൻവലിച്ച് സഭാനടപടികൾ മുന്നോട്ട് കൊണ്ടുപോകാൻ സഹായിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.....(ബഹളം).......ഈ വിമർശനത്തിന്റെ പശ്ചാത്തലത്തിൽ അദ്ദേഹം പിൻവലിക്കുന്നുണ്ടോ എന്നാണ് ചോദിച്ചത്. അദ്ദേഹം പിൻവലിക്കുന്നുണ്ടെങ്കിൽ അദ്ദേഹത്തിന് പിൻവലിക്കാം. സഭയിലെ വനിതാ അംഗങ്ങൾ ഉൾപ്പെടെ നൽകിയ പരാതിയുടേയും വിമർശനത്തിന്റേയും പശ്ചാത്തലത്തിൽ അദ്ദേഹത്തിന് പിൻവലിക്കാനുണ്ടെങ്കിൽ പിൻവലിക്കാം. അദ്ദേഹത്തോട് അത് അഭ്യർത്ഥിച്ചു. നടപടികൾ സുഗമമാക്കുന്നതിനുവേണ്ടി അദ്ദേഹം പിൻവലിക്കുന്നുണ്ടെങ്കിൽ അദ്ദേഹത്തിന് പിൻവലിക്കാം. ........(ബഹളം)........ നിങ്ങൾ അവിടെ ഇരിക്കൂ..... ഡോ. എം. കെ. മുനീർ, അങ്ങ് സംസാരിക്കൂ......... (ബഹളം)........നിങ്ങൾ അവിടെ ഇരിക്കൂ..., അദ്ദേഹം സംസാരിക്കട്ടെ, അദ്ദേഹമാണ് അത് പറയേണ്ടത്.